കാസർഗോഡ് വെടിവയ്പ് കേസ്സിലെ കോടതി വിധി നടപ്പാക്കാൻ സ്വീകരിച്ച നടപടി

7 (277) ശ്രീ സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് 2009 നവംബർ 15-ന് മുസ്ലീംലീഗ് നേതാക്കൾക്ക് നൽകിയ സ്വീകരണ സമ്മേളനത്തോടനുബന്ധിച്ചുള്ള വെടിവെയ്പിൽ മരണ മടഞ്ഞ ചെറുവത്തൂരിലെ മുഹമ്മദ് ഷഫീക്കിന്റെ പിതാവ് നൽകിയ ഹർജിയിൽ കോടതി പ്രസ്താവിച്ച വിധി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത കോടതി വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ലാത്തിച്ചാർജ്ജുകൾ

8 (278) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര പോലീസ് ലാത്തി ചാർജ്ജുകൾ നടന്നിട്ടുണ്ട്;

(ബി) മുന്നറിയിപ്പ് നൽകാതെ നടത്തിയ ലാത്തിച്ചാർജ്ജുകൾ എത്രയെന്ന് അറിയിക്കുമോ;

(സി) സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് നേരെ ഇക്കാലത്ത് എത്ര ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്;

(ഡി) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ എത്രപേർക്ക് പരിക്കേറ്റു;

(ഇ) പ്രസ്തുത ലാത്തിച്ചാർജ്ജുകളെത്തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരത്തിൽ നടന്ന ലാത്തിച്ചാർജ്ജുകളിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത കേസുകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 23 ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്.

(ബി) ഒന്ന് തിരുവനന്തപുരം റൂറൽ ജില്ലയിൽ മേനംകുളം കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന കമ്പനിയുടെ മുന്നിൽ സമരം ചെയ്തവരെ പരിച്ചുവിടാൻ മുന്നറിയിപ്പില്ലാതെ ലാത്തിച്ചാർജ്ജ് നടത്തി.

(സി) ഒന്ന്. എറണാകുളം റൂറൽ ജില്ലയിൽ വിദ്യാഭ്യാസ ബന്ദിനോട് അനുബന്ധിച്ച് SCMS Compound-ൽ അതിക്രമിച്ച് കയറിയ കെ.എസ്.യു. പ്രവർത്തകർക്കുനേരെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി.

(ഡി) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ 43 പേർക്ക് പരിക്കേറ്റു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ 22 കേസുകൾ രജിസ്റ്റർ ചെയ്തു.

(എഫ്) തിരുവനന്തപുരം റൂറൽ ജില്ലയിൽ കിൻഫ്ര പാർക്കിൽ നടന്ന ലാത്തിച്ചാർജ്ജുമായി ബന്ധപ്പെട്ട് ഒരു കേസ് എടുത്തിട്ടുണ്ട് (കഴക്കൂട്ടം പി.എസ്. ക്രൈം 373/08). കേസ് ഇപ്പോൾ വിചാരണയിലാണ്.

ചെറിയതുറ പോലീസ് വെടിവയ്പ്

9 (280) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയതുറ പോലീസ് വെടിവയ്പ് സംബന്ധിച്ച് ജില്ലാ ഭരണ കൂടത്തിന് അറിവുണ്ടായിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ കളക്ടർ അന്വേഷണ കമ്മീഷൻ മുമ്പാകെ എന്തെങ്കിലും വസ്തുത പ്രസ്താവന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അന്വേഷണ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ചെറിയതുറ പോലീസ് വെടിവയ്പിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടന്നുവരുന്നതിനാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ല.

(സി) ഇല്ല. 2011 ജൂലൈ 6-നാണ് കമ്മീഷന്റെ കാലാവധി അവസാനിക്കുന്നത്.

ഗുണ്ടാ പ്രവർത്തനങ്ങളിലുള്ള കുറവ്

10 (282) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടാ ആക്ട് നടപ്പിലാക്കി തുടങ്ങിയശേഷം സംസ്ഥാനത്ത് ഗുണ്ടാ പ്രവർത്തനങ്ങളിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് പ്രകാരം സംസ്ഥാനത്തൊട്ടാകെ എത്ര ഗുണ്ടകളെ ജയിലിലടച്ചിട്ടുണ്ട്; ഇതിൽ സ്ത്രീകൾ എത്ര;

(സി) എത്രപേർ ഇപ്പോഴും ജയിൽശിക്ഷ അനുഭവിക്കുന്നു; സ്ത്രീകൾ, പുരുഷൻമാർ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly